പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2288 23.01.2014 ൽ മറുപടിക്ക്

## സബർബൻ മെമു സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് :<br>" കെ. എൻ. എ. ഖാദർ:<br>" എം. ഉമ്മർ :<br>" കെ. മുഹമ്മദുണ്ണി ഹാജി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സബർബൻ മെമു സർവ്വീസ് ഏർപ്പെടുത്തിയാലുണ്ടാകാവുന്ന നേട്ടങ്ങളെ ക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | പദ്ധതി സംബന്ധിച്ച് സാധ്യതാപഠനം നടന്നു വരുന്നു. ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ച്, ആദ്യ ഘട്ടത്തിൽ തിരുവനന്തപുരത്തിനും ചെങ്ങന്നൂർ/ ഹരിപ്പാടിനും ഇടയ്ക്ക് ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തി ക്കൊണ്ടും MEMU/ EMU റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനായുള്ള പദ്ധതിയ്ക്കും സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. പദ്ധതിയുടെ സാദ്ധ്യതാ പഠനം മുംബൈ റയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് (MRVC) എന്ന കമ്പനിയെ ഏല്പിക്കുകയും അവർ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്ക് മുതൽമുടക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | പരിഗണനയിലാണ്. |
| (സി) | എങ്കിൽ, ഏതൊക്കെ സെക്ടറിലാണ് പ്രാരംഭ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനം സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (സി) | പ്രാരംഭ പ്രവർത്തനങ്ങൾ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. സാദ്ധ്യതാപഠനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ